**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2637** **09.05.2017 ൽ മറുപടിയ്ക്ക്**

# പച്ചക്കറികൃഷിയിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.<br>3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.<br>4. ജില്ലാ ക്ലസ്റ്റർ വികസനം.<br>5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>6. പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ.<br>7. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും.<br>8. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം<br>9. പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം<br>10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>11. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം |

12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
14. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
15. 'സേഫ്-ടു-ഈറ്റ്- ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം.
16. മികച്ച കർഷകർക്ക് അവാർഡ് നൽകൽ
17. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
18. മഴമറ നിർമ്മാണം
19. മികച്ച 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് അധിക സഹായം.

| | |
|---|---|
| ബി) പച്ചക്കറി കർഷകർക്ക് ഇൻസന്റീവ് നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ ഇക്കോ ഷോപ്പുകൾ വഴി വിൽക്കുമ്പോൾ കിലോഗ്രാമിന് 5 രൂപ ഇൻസെന്റീവ് നൽകി വരുന്നുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കാന്തല്ലൂർ, വട്ടവട പ്രദേശത്തെ കർഷകരിൽ നിന്നും സർക്കാർ ഏജൻസികൾ സംഭരിച്ച പച്ചക്കറിക്ക് ആനുപാതികമായി ഇൻസെന്റീവ് നൽകിയിട്ടുണ്ട്. |
| സി) പച്ചക്കറികൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സാധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സി) സർക്കാർ പച്ചക്കറി വികസനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ബൃഹത് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അഞ്ചു വർഷം കൊണ്ട് 50,000 ഹെക്ടർ സ്ഥലത്തേയ്ക്കു കൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക വഴി 2021 വർഷത്തോടുകൂടി കേരളത്തിൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഇനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2017-18 ൽ കൃഷി വകുപ്പ്, പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 'സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ, 85 കോടി രൂപയുടെ വിവധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| ഡി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ, പച്ചക്കറികൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണം നടത്തി, സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിന് പുതുതലമുറയെ പ്രാപ്തമാക്കുമോ? | ഡി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കൂളുകളിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ വീട്ടു വളപ്പിലും സ്കൂൾ വളപ്പിലും കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ പ്രാവീണ്യം നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സുകളും കൃഷി സംബന്ധമായ അറിവുകൾക്കായി കൈപ്പുസ്തകങ്ങളും നൽകുന്നുണ്ട്. കൂടാതെ പച്ചക്കറി കൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകി വരുന്നു. |

S.[signature]

**സെക്ഷൻ ഓഫീസർ**